(സി) പ്രസ്തുത പരാതിയിന്മേൽ ബഹു. ഗവർണ്ണർ സർക്കാരിനോട് വിശദീകരണം ആരാഞ്ഞിരുന്നുവോ; എങ്കിൽ ഇതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ചീഫ് സെക്രട്ടറി, കേന്ദ്ര സെക്രട്ടറി തുടങ്ങി ഉയർന്ന തസ്തികാ നിയമനങ്ങളിൽ 2000-ാം മാണ്ട് മാർച്ച് മാസത്തിൽ ബഹു. സുപ്രീം കോടതി ശരിവച്ച F.I.R-ൽ പ്രതിചേർത്തവരെയും കുറ്റപത്രം സമർപ്പിക്കപ്പെട്ടവരെയും പരിഗണിക്കരുതെന്ന സുപ്രീംകോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; ഇതിൻമേൽ ബഹു. ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നുവോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി-സി) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാതിയിന്മേൽ ബഹുമാനപ്പെട്ട ഗവർണർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. അതിൻപ്രകാരം പരാതിയിലെ വിഷയം വിശദമായി പരിശോധിക്കുകയും പരാതിയിൽ കഴമ്പില്ലെന്ന കാര്യം ബഹുമാനപ്പെട്ട ഗവർണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണർ മറ്റ് വിശദീകരണം ആരാഞ്ഞിട്ടില്ല.

ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി

21 (25) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്തെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ, എന്തെല്ലാം കാരണങ്ങൾക്ക്, ഏതെല്ലാം തരത്തിലുള്ള അച്ചടക്ക നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ നിലവിലുണ്ടെന്നും ഏതൊക്കെ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുവെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3 ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയും 10 ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം എ-യിൽ ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ അന്യത്ര സേവനം

22 (26) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ പോയിട്ടുണ്ടെന്നും, അവർ ആരെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ പത്ത് ദിവസത്തിലധികം അവധിയെടുത്ത് പോയിട്ടുണ്ടെന്നും, ആരെല്ലാമാണെന്നും വെളിപ്പെടുത്താമോ ;

(സി) ഈ കാലയളവിൽ ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ രാജിവെച്ചും, വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയും സർവ്വീസ് അവസാനിപ്പിച്ചെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 33 ഐ.എ.എസ്. ഉദ്യോഗസ്ഥരും 15 ഐ.പി.എസ്. ഉദ്യോഗസ്ഥരും അന്യത്ര സേവന വ്യവസ്ഥയിൽ പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധം 1, 2-ൽ ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ 82 ഐ.എ.എസ്. ഉദ്യോഗസ്ഥരും 54 ഐ.പി.എസ്. ഉദ്യോഗസ്ഥരും പത്ത് ദിവസത്തിലധികം അവധിയെടുത്ത് പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധം 3, 4-ൽ ചേർക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.